REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-11-2024 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ബുധനാഴ്ച ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും നാളെ കൊട്ടിക്കലാശം.**
- **മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിന് BJP തയ്യാറാക്കിയ പ്രകടന പത്രിക 'സങ്കൽപ് പത്ര' ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ പ്രകാശനം ചെയ്യും.**
- **സംസ്ഥാനത്തിന്റെ ടൂറിസം മേഖലക്ക് ഊർജം പകർന്ന് സീപ്ലെയിൻ സർവീസിന്റെ ഫ്ളാഗ് ഓഫ് നാളെ കൊച്ചിയിൽ.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം കുതിപ്പ് തുടരുന്നു.**
- **കോഴിക്കോട്ട് കേരള സൂപ്പർ ലീഗ് ഫുട്ബോൾ ഫൈനലിൽ കാലിക്കറ്റ് FC ഇന്ന് ഫോഴ്സ കൊച്ചിയെ നേരിടും.**

## വാർത്തകൾ വിശദമായി

ബുധനാഴ്ച ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭാ മണ്ഡലത്തിലും നാളെ കൊട്ടിക്കലാശം. ഈ മണ്ഡലങ്ങളിൽ പരസ്യപ്രചാരണം നാളെ വൈകീട്ട് അഞ്ചിന് അവസാനിക്കും. കൽപ്പാത്തി രഥോത്സവം മൂലം ഉപതിരഞ്ഞെടുപ്പ് 20ലേക്ക് നീട്ടിയ പാലക്കാട് നിയമസഭാ മണ്ഡലത്തിൽ 18നാണ് കൊട്ടിക്കലാശം.

വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ മൂന്ന് മണ്ഡലങ്ങളിലും പ്രചാരണം അവസാനഘട്ടത്തിലാണ്. വോട്ടെണ്ണൽ ഈ മാസം 23 ന് നടക്കും.

✪✪✪

കോൺഗ്രസ് രാജ്യത്തിന് നൽകിയ സംഭാവനകളും ത്യാഗങ്ങളും വിവരണാതീതമാണെന്ന് കർണ്ണാടക ഉപമുഖ്യമന്ത്രി DK ശിവകുമാർ പറഞ്ഞു. വയനാട് ലോക്സഭ മണ്ഡലം UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി തിരുവമ്പാടി നോർത്ത് കാരശേരിയിൽ പൊതുയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ജനാധിപത്യമുന്നേറ്റം സാധ്യാക്കുന്നതിൽ രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രക്ക് മുഖ്യപങ്ക് വഹിക്കാൻ കഴിഞ്ഞെന്നും DK ശിവകുമാർ പറഞ്ഞു.

ഒളിമ്പ്യനും ഹരിയാന MLA യുമായ വിനീഷ് ഫോഗട്ട്, മുസ്ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ തുടങ്ങിയവരും പങ്കെടുത്തു.

വയനാട്ടിൽ നിന്ന് കൂടുതൽ തെരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസന്റ്.

....വോയ്സ്...

✪✪✪

വയനാട് ലോകസഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അവശ്യസർവീസ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് പോസ്റ്റൽ വോട്ടിംഗ് സെന്ററിൽ ഇന്ന് വൈകിട്ട് അഞ്ച് വരെ വോട്ട് ചെയ്യാൻ അവസരമുണ്ടാകും. നിലമ്പൂർ ഫോറസ്റ്റ് കോൺഫ്രൻസ് ഹാളിലാണ് സജ്ജീകരണങ്ങൾ ഒരുക്കിയത്. ഏറനാട്, നിലമ്പൂർ, വണ്ടൂർ എന്നീ മൂന്ന് മണ്ഡലങ്ങളിലേയും വോട്ടർമാർക്ക് ഈ കേന്ദ്രത്തിൽ വോട്ട് ചെയ്യാം.

✪✪✪

പ്രചാരണം അവസാനഘട്ടത്തിൽ എത്തി നിൽക്കെ ചേലക്കര മണ്ഡലത്തിൽ മുൻനിര നേതാക്കൾ എല്ലാം തന്നെ പ്രചാരണത്തിന് എത്തിക്കഴിഞ്ഞു.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.

......വോയ്സ്.......

തെരഞ്ഞെടുപ്പ് ചൂട് അവസാനഘട്ടത്തിലേക്ക് എത്തുമ്പോൾ ശ്രദ്ധകേന്ദ്രമായി മാറുകയാണ് ചേലക്കര യുഡിഫ് സ്ഥാനാർഥി രമ്യ ഹരിദാസിന്റെ തിരക്കിട്ട

മണ്ഡല പര്യടനം 3 പഞ്ചായത്തുകളിലായാണ് ഇന്നലെ നടന്നത് . ഇന്നലെ വൈകിട്ട് റാലിയും പൊതുസമ്മേളനവും പ്രതിപക്ഷ നേതാവ് vd സതീശൻ ഉദ്ഘാടനം നിർവഹിച്ചു. Ksu ന്റെ നേതൃത്വത്തിൽ വിദ്യാർത്ഥി റാലിയും ഇന്നലെ സങ്കടിപ്പിച്ചു.

ചേലക്കര നിയമസഭ മണ്ഡലത്തിലെ NDA സ്ഥാനാത്ഥി കെ.ബാലകൃഷ്ണൻ ന്റെ തിരഞ്ഞെടുപ്പ് പര്യടനത്തിന്റെ ഭാഗമായി BDJS ചേലക്കര മണ്ഡല തിരഞ്ഞെടുപ്പ് കൺവെൻഷൻ സംസ്ഥാന പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഇന്നലെ ഉൽഘാടനം നിർവ്വഹിച്ചു.

എൽഡിഎഫ് സ്ഥാനാർഥി യു.ആർ പ്രദീപ് ന്റെ മണ്ഡലം പര്യടനം മൂന്നാം ഘട്ട സ്വീകരണ പരിപാടിയിലേക്ക് നീങ്ങുമ്പോൾ മുഖ്യമന്ത്രി ആണ് പ്രചാരണത്തിനായി എത്തിച്ചേഎന്നത്..മൂന്നിടത്തു പൊതുയോഗംഗാളിലും മുഘ്യമന്ത്രി പങ്കെടുത്തു  ഇന്നും വിവിധ പ്രചാരണ പരിപാടികളിൽ മുഖ്യമന്ത്രിയും മറ്റ് മുതിർന്ന നേതാക്കളും പങ്കെടുക്കുന്നുണ്ട്.

ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പു ദിവസമായ നവംബർ 13 ന് ചേലക്കര നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങൾക്കും, ബാങ്കുകൾക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേതനത്തോടുകൂടിയുള്ള പൊതുഅവധി പ്രഖ്യാപിച്ചു.

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലം NDA സ്ഥാനാർഥി C. കൃഷ്ണകുമാറിന്റെ വികസന രേഖ വൈകീട്ട് നാലിന് BJP ജില്ലാ കമ്മിറ്റി ഓഫീസിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പ്രകാശനം ചെയ്യും.

UDF സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ തെരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ മുതിർന്ന  കോൺഗ്രസ് നേതാവ് കെ. മുരളീധരൻ പങ്കെടുക്കും. വൈകീട്ട് മേപ്പറമ്പിലാണ് പരിപാടി.

LDF സ്ഥാനാർഥി ഡോ. P. സരിൻ ഇന്ന് നഗരസഭ പ്രദേശങ്ങളിലാണ് വോട്ടഭ്യർത്ഥന നടത്തുക..

✪✪✪

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിന് BJP തയ്യാറാക്കിയ പ്രകടന പത്രിക 'സങ്കൽപ്  പത്ര' ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ പ്രകാശനം ചെയ്യും. വടക്കൻ മഹാരാഷ്ട്രയിലേയും വിദർഭ മേഖലയിലേയും ജാൽഗോൺ, ബുൽധാന, അമരാവതി എന്നിവിടങ്ങളിലെ റാലികളേയും അദ്ദേഹം അഭിസംബോധന ചെയ്യും.

✪✪✪

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് ഇന്ന് പദവിയിൽ നിന്ന് വിരമിക്കും. 2022 നവംബറിലാണ് DY ചന്ദ്രചൂഡ് ചുമതലയേറ്റത്. പിൻഗാമിയായി ജസ്റ്റിസ് സഞ്ജീവ് ഖന്ന നാളെ ചുമതലയേൽക്കും. സുപ്രീംകോടതിയുടെ 51-ാമത് ചീഫ് ജസ്റ്റിസായാണ് സഞ്ജീവ് ഖന്ന എത്തുന്നത്.

✪✪✪

ഉപഭോക്തൃ സേവന പലിശനിരക്കിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് സൗത്ത് ഇന്ത്യൻ ബാങ്കിന് RBI 59.20 ലക്ഷം രൂപ പിഴ ചുമത്തി.

2023 മാർച്ച് 31 വരെ നടത്തിയ നിയമാനുസൃത പരിശോധനകളിൽ സൗത്ത് ഇന്ത്യൻ ബാങ്ക് സെൻട്രൽ ബാങ്കുകളുടെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് ബാങ്കിന് കാരണം കാണിക്കാൻ നോട്ടീസ് നൽകിയിരുന്നു.

✪✪✪

തൃപ്പൂണിത്തുറ മിൽമ ഡയറിയിൽ സ്ഥാപിച്ച രണ്ട് മെഗാവാട്ട് സൗരോർജ്ജ പ്ലാൻറ് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാടിന് സമർപ്പിച്ചു.

ഭൂപ്രകൃതി നിലനിർത്തിക്കൊണ്ട് പരിസ്ഥിതിയെ ബാധിക്കാതെ വികസനം കൊണ്ടുവരാം എന്നതിൻറെ തെളിവാണ് സൗരോർജ് പ്ലാന്റ് എന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്തിന്റെ ടൂറിസം മേഖലക്ക് ഊർജം പകർന്ന് സീപ്ലെയിൻ സർവീസ് നാളെ മന്ത്രി PA മുഹമ്മദ് റിയാസ് കൊച്ചിയിൽ ഫ്ളാഗ് ഓഫ് ചെയ്യും. ഫ്ളാഗ് ഓഫിനു ശേഷം ഇടുക്കിയിലെ മാട്ടുപ്പെട്ടിയിലേക്ക് സർവീസ് നടത്തുന്ന വിമാനത്തിന് മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും.

ടൂറിസത്തിന് പുറമേ മെഡിക്കൽ ആവശ്യങ്ങൾക്കും വിഐപികൾക്കും ഉദ്യോഗസ്ഥർക്കും അവശ്യഘട്ടങ്ങളിൽ സഞ്ചരിക്കാനും അടിയന്തര ഘട്ടങ്ങളിൽ ജനങ്ങളെ ഒഴിപ്പിക്കുന്നതിനും പദ്ധതി പ്രയോജനപ്പെടുത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

സീ പ്ലെയിനിന്റെ പരീക്ഷണപറക്കലുമായി ബന്ധപ്പെട്ട് കൊച്ചി ബോൾഗാട്ടി മറീനയിലും പരിസരത്തും കർശന നിയന്ത്രണം ഏർപ്പെടുത്തുമെന്ന്

എറണാകുളം ജില്ലാ കളക്ടർ NSK ഉമേഷ് അറിയിച്ചു. ഇന്ന് ഉച്ചയ്ക്ക് ശേഷം 1.30 മുതൽ 4.30 വരെയും, നാളെ രാവിലെ 9 മുതൽ 11 വരെയുമാണ് നിയന്ത്രണം.

കൊച്ചി വാട്ടർ മെട്രോ ഉൾപ്പെടെ മറ്റു ബോട്ടുകൾക്കും നിയന്ത്രണം ബാധകമാണ്. മറൈൻഡ്രൈവ് മേഖലയിലും, ആദ്യ ഗോശ്രീ പാലം മുതൽ ബോൾഗാട്ടി വരെയും, വല്ലാർപാടം മുതൽ കൊച്ചിൻ പോർട്ട് അതോറിറ്റിയുടെ ടാങ്കർ ബർത്ത് വരെയുമാണ് തീരദേശ സുരക്ഷ സേനയുടെയും പോലീസിന്റെയും നിയന്ത്രണം.

ഡ്രോൺ നിരോധിത മേഖലയായ ഈ പ്രദേശങ്ങളിൽ ഡ്രോൺ ഉപയോഗിച്ചാൽ കർശന നടപടി ഉണ്ടാകുമെന്നും ജില്ലാ കളക്ടർ മുന്നറിയിപ്പ് നൽകി.

✪✪✪

സീപ്ലെയിൻ പദ്ധതി സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ വിപ്ലവം സൃഷ്ടിക്കുമെന്നും ഇതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും ഏവിയേഷൻ സെക്രട്ടറി ബിജു പ്രഭാകർ അഭിപ്രായപ്പെട്ടു. മൂല്യമേറിയ വിനോദസഞ്ചാര സാധ്യതകൾ വികസിപ്പിക്കുന്നതിനാണ് സംസ്ഥാന ഗവൺമെൻറ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം കുതിപ്പ് തുടരുന്നു. മത്സരങ്ങൾ അന്തിമ ഘട്ടത്തിലേക്ക് നീങ്ങുമ്പോൾ 1895 പോയിന്റുകൾ നേടി തിരുവനന്തപുരം ഒന്നാം സ്ഥാനത്താണ്.

ഡെസ്ക് റിപ്പോർട്ട്

....വോയ്സ്....

223 സ്വർണവും 147 വെള്ളിയും 159 വെങ്കലവുമാണ് തിരുവനന്തപുരം നേടിയത്. രണ്ടാം സ്ഥാനക്കാരായ തൃശ്ശൂരിന് 763 പോയിന്റും, മൂന്നാം സ്ഥാനത്തുനിൽക്കുന്ന കണ്ണൂരിന് 683 പോയിന്റുമുണ്ട്.

രണ്ടാം സ്ഥാനക്കാരായ തൃശൂർ 73 സ്വർണവും 63 വെള്ളിയും 92 വെങ്കലവും ആണ് നേടിയത്. 69 സ്വർണവും 62 വെള്ളിയും 68 വെങ്കലവുമാണ് കണ്ണൂരിന്റെ സമ്പാദ്യം.

ഗെയിംസ് വിഭാഗത്തിൽ 511 ഇനങ്ങൾ കഴിഞ്ഞപ്പോൾ തിരുവനന്തപുരത്തിന് 144 സ്വർണ്ണവും, 87 വെള്ളിയും 98 വെങ്കലവും ലഭിച്ചു. ഈ വിഭാഗത്തിൽ രണ്ടാം സ്ഥാനക്കാരായ തൃശ്ശൂർ 68 സ്വർണവും 54 വെള്ളിയും 75 വെങ്കലവും

നേടി. മൂന്നാം സ്ഥാനക്കാരായ കണ്ണൂരിന് 66 സ്വർണവും 61 വെള്ളിയും 66 വെങ്കലവും ലഭിച്ചു.

അത്‌ലറ്റിക്സിൽ മലപ്പുറം ജില്ല, 15 സ്വർണത്തിന്റെയും, 12 വെള്ളിയുടെയും 13 വെങ്കലത്തിന്റെയും കരുത്തോടെ 124 പോയിൻറ് നേടി ഒന്നാം സ്ഥാനത്താണ്. 76 പോയിൻറ് നേടിയ പാലക്കാട് രണ്ടാം സ്ഥാനത്തും, 41 പോയിൻറ് ഓടെ എറണാകുളം മൂന്നാം സ്ഥാനത്തുമാണ്. സീനിയർ ആൺകുട്ടികളുടെ 110 മീറ്റർ ഹർഡിൽസിൽ തൃശ്ശൂരിന്റെ വിജയ് കൃഷ്ണ ആറു വർഷം പഴക്കമുള്ള 14.08 സെക്കന്റിന്റെ റെക്കോർഡ് തിരുത്തി 13.97 സെക്കന്റിന്റെ പുതിയ റെക്കോർഡ് കുറിച്ചു.

✪✪✪

ഇന്ത്യ- ദക്ഷിണാഫ്രിക്ക രണ്ടാം ട്വന്റി ട്വന്റി ക്രിക്കറ്റ് മത്സരം വൈകിട്ട് ഏഴരക്ക് ജഹന്നാസ് ബർഗിലെ സെന്റ് ജോർജ് പാർക്കിൽ. ആദ്യ മത്സരത്തിൽ 61 റൺസിന്റെ ആധികാരിക ജയം നേടിയ ആത്മവിശ്വാസവുമായാണ് ടീം ഇന്ത്യ മത്സരത്തിനിറങ്ങുന്നത്.

✪✪✪

കോഴിക്കോട്ട് കേരള സൂപ്പർ ലീഗ് ഫുട്ബോൾ ഫൈനലിൽ കാലിക്കറ്റ് FC രാത്രി എട്ടിന് ഫോഴ്സ കൊച്ചിയെ നേരിടും. കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

ആകാശവാണി ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്.

.....വോയ്സ്....

പ്രഥമ സൂപ്പർ ലീഗ് കേരളയുടെ കിരീടപ്പോരാട്ടത്തിൽ ഞായറാഴ്ച കാലിക്കറ്റ് എഫ്സി, ഫോഴ്സ കൊച്ചിയെ നേരിടും. കോഴിക്കോട് കോർപറേ ഷൻ സ്റേറഡിയത്തിൽ രാത്രി 8 നാണ് മത്സരംരണ്ടു മാസത്തിലേറെ ഫുട്ബോൾ കാണികൾക്ക് ആവേശം പകർന്ന സൂപ്പർ ലീഗ് പോരാട്ടങ്ങൾക്കാണ് ഇന്ന് പരിസമാപ്തിയാകുന്നത്. തുടക്കം മുതൽ മികവ് പുലർത്തുന്ന ആതിഥേയ ടീമായ കാലിക്കറ്റ് FCക്ക് സ്വന്തം തട്ടകത്തിൽ കപ്പ് കൈയെത്തും ദൂരത്താണ് ഗോൾ അടിക്കുന്നതിൽ മാത്രമല്ല, തടുക്കുന്നതിലും കൊച്ചി, കാലിക്കറ്റ് ടീമുകൾ കേമന്മാരാണ്. 11 കളികളിൽ കൊച്ചി 8 ഗോളുകൾ മാത്രമാണ് വഴങ്ങിയത്. കാലിക്കറ്റ് പത്തും.

ലീഗിൽ ആകെ പിറന്ന 81 ഗോളുകളിൽ 20 ഉം സ്കോർ ചെയ്തത് കാലിക്കറ്റ് ആണ്. കൊച്ചിയും ഒട്ടും പിറകിലല്ല, 12 ഗോൾ അവരും എതിരാളികളുടെ വലയിലെത്തിച്ചു.

ഏഴ് ഗോളുമായി ടോപ് സ്കോറർ സ്ഥാനത്ത് നിൽക്കുന്ന ബ്രസീലുകാരൻ ഡോറിയൽട്ടൻ ഗോമസ് കൊച്ചി താരമാണെങ്കിൽ കാലിക്കറ്റ് നിരയിൽ ഗോളടിക്കാരുടെ ഒരു പട തന്നെയുണ്ട്.

ഏറ്റവും കൂടുതൽ സേവ് നടത്തിയ ഗോൾ കീപ്പർമാരുടെ പട്ടികയിലും ഇരു ടീമിലെയും കളിക്കാർ ഉണ്ട്.

സമീപകാല കേരള ഫുട്ബോൾ കണ്ട ഏറ്റവും മികച്ച കാല്പന്ത് കളിക്കാണ് കോഴിക്കോട് സാക്ഷിയാവുക. വിജയികൾക്കുള്ള ട്രോഫി ചെയ്യുന്നത് സംസ്ഥാന കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാനാണ്.

✪✪✪

കണ്ണൂർ രൂപതയുടെ പ്രഥമ സഹായ മെത്രാനായി നിയോഗിക്കപ്പെട്ട ഡോ. ഡെന്നിസ് കുറുപ്പശേരിയുടെ സ്ഥാനാരോഹണം ഇന്ന് ഉച്ച കഴിഞ്ഞ് ബർണശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ നടക്കും. കഴിഞ്ഞ ഓഗസ്റ്റ് 15 ന് ഫ്രാൻസിസ് മാർപാപ്പയാണ് ഡെന്നീസ് കുറുപ്പശ്ശേരിയെ സഹായമെത്രാനായി നിയമിച്ചത്.

കോട്ടപ്പുറം രൂപതയുടെ മുഖപത്രമായ ദിദിമൂസിന്റെ പത്രാധിപരും കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് രൂപത ഡയറക്ടറുമായിരുന്ന ഡോ. ഡെന്നിസ് കുറുപ്പശേരി 2001 മുതലാണ് വത്തിക്കാന്റെ നയതന്ത്രവിഭാഗത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയത്. . ഇറ്റലിയിലെ മാൾട്ടയിൽ നയതന്ത്രകാര്യാലയത്തിൽ ജോലി തുടരവെയാണ് കണ്ണൂർ രൂപതയുടെ സഹായ മെത്രാനായി ഇദ്ദേഹം നിയമിതനാകുന്നത്.

മെത്രാഭിഷേക ചടങ്ങിൽ റോമിലെ പൊന്തിഫിക്കൽ വിദ്യാപീഠത്തിന്റെ പ്രസിഡന്റ് സാൽവത്തോരോ പെനാകിയോ മുഖ്യകാർമികത്വം വഹിക്കും.

✪✪✪

കണ്ണൂർ മട്ടന്നൂരിൽ സിനിമാ പ്രദർശനത്തിനിടെ തിയേറ്ററിന്റെ മേൽക്കൂരയുടെ ഒരുഭാഗം തകർന്നുവീണ് നാലുപേർക്ക് പരിക്കേറ്റു.

സിനിമ കാണുകയായിരുന്നവർക്കാണ് പരിക്കേറ്റത്. ഇന്നലെ വൈകുന്നേരം ആറ് മണിയോടെ തിയേറ്റർ ഹാളിന് മുകളിലുള്ള വാട്ടർടാങ്ക് തകർന്നാണ് അപകടമുണ്ടായതെന്ന് പോലീസ് പറഞ്ഞു.

പരിക്കേറ്റവരെ കണ്ണുരിലെ സ്വകാര്യ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

വയനാട് മേപ്പാടി ഗ്രാമ പഞ്ചായത്തിന് കീഴിലെ ഭക്ഷ്യ വിതരണ കേന്ദ്രത്തിൽ നിന്നും ഭക്ഷ്യ വസ്തുക്കളുടെ വിതരണം നിർത്തിവെക്കാൻ ജില്ലാ കലക്ടർ നിർദേശം നൽകി. വിഷയത്തിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കളക്ടർ നിർദ്ദേശിച്ചു. ചൂരൽമല-മുണ്ടക്കൈ ദുരന്തബാധിതർക്ക് വിതരണം ചെയ്യുന്ന കിറ്റുകളുടെ ഗുണനിലവാരം സംബന്ധിച്ച് ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിലാണ് കലക്ടറുടെ നടപടി.

✪✪✪